നമ്പർ: എൻ.എം .എ(1)-1149/2018/ഡി.പി.ഐ

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം
തിരുവനന്തപുരം, തീയതി : 03/03/2018

പൊതുവിദ്യാഭ്യാസ ഡയറക്ടർ
തിരുവനന്തപുരം

എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും/
എല്ലാ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും

സർ,

വിഷയം: പൊതുവിദ്യാഭ്യാസം - സ്കൂൾ ഉച്ചഭക്ഷണ പദ്ധതി 2017-18 അരിയുടെ അധിക നീക്കിയിരിപ്പ്-അവധിക്കാലം ആരംഭിക്കുന്നതിന് മുൻപ് സ്കൂൾ കുട്ടികൾക്ക് 4 കിലോ അരി വീതം വിതരണം ചെയ്യുന്നത്-സംബന്ധിച്ച്

സൂചന: 1) ഈ കാര്യാലയത്തിലെ 12.02.2018 ലെ ഇതേ നമ്പർ കത്ത് (സർക്കാരിന് സമർപ്പിച്ച പ്രൊപ്പോസൽ)
2) സർക്കാർ ഉത്തരവ് സ.ഉ(കൈ) നം.26/2018/പൊ.വി.വ, തീയതി 01.03.2018

സ്കൂൾ ഉച്ചഭക്ഷണ പദ്ധതിയുടെ പരിധിയിൽ വരുന്ന മുഴുവൻ കുട്ടികൾക്കും വേനലവധിക്കാലം ആരംഭിക്കുന്നതിന് മുൻപായി 4 കിലോ അരി വീതം വിതരണം ചെയ്യുന്നതിന് അനുമതി നൽകണമെന്ന് സർക്കാരിനോട് സൂചന (1) പ്രകാരം അപേക്ഷിച്ചതിന്റെ അടിസ്ഥാനത്തിൽ ടി പദ്ധതിക്ക് സൂചന (2) പ്രകാരം അനുമതി നൽകി ഉത്തരവായിരിക്കുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ സ്കൂൾ ഉച്ചഭക്ഷണ പദ്ധതിയുടെ പരിധിയിൽ വരുന്ന മുഴുവൻ വിദ്യാർത്ഥികൾക്കും നാല് കിലോ അരി വീതം ലഭ്യമാക്കുന്നതിന് ആവശ്യമായ അരി സപ്ലൈകോ ഔട്ട്ലെറ്റുകളിൽ സ്റ്റോക്ക് ചെയ്യുന്നതിന് നടപടികൾ സ്വീകരിക്കുവാൻ സപ്ലൈകോ സി.എം.ഡി യോട് അഭ്യർത്ഥിച്ചു. എല്ലാ ജില്ലകളിലേയും സപ്ലൈകോ ഔട്ട്ലെറ്റുകളിൽ മതിയായ അളവ് അരി സ്റ്റോക്ക് ചെയ്തിട്ടുണ്ടെന്ന് സപ്ലൈകോ ഗവൺമെന്റ് സ്കീംസ് മാനേജർ അറിയിച്ചിട്ടുണ്ട്.

പ്രസ്തുത സാഹചര്യത്തിൽ, അവധിക്കാലം ആരംഭിക്കുന്നതിന് മുൻപായി ഉച്ചഭക്ഷണ പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള പ്രീ-പ്രൈമറി മുതൽ 8-ാം ക്ലാസ്സ് വരെയുള്ള മുഴുവൻ വിദ്യാർത്ഥികൾക്കും 4 കിലോ അരി വീതം നൽകുവാൻ പൊതുവിദ്യാഭ്യാസ വകുപ്പ് തീരുമാനിച്ച വിവരം ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ പ്രഥമാദ്ധ്യാപകരെ അടിയന്തിരമായി അറിയിക്കുകയും ഇതിലേക്ക് ആവശ്യമായ അരിയുടെ ഇൻഡന്റ് മാർച്ച് 1-ാം തീയതി മുതൽ സ്കൂളുകൾക്ക് പാസ്സാക്കി നൽകുകയും (സ്റ്റേറ്റ് സോഫ്റ്റ് വെയറിലെ സ്പെഷ്യൽ റൈസ് എന്ന ലിങ്ക് മുഖാന്തിരം) ചെയ്യേണ്ടതാണ്. ഉച്ചഭക്ഷണ പദ്ധതിയുടെ പരിധിയിൽ വരുന്ന എല്ലാ കുട്ടികൾക്കും അവരുടെ വാർഷിക പരീക്ഷ തീരുന്ന ദിവസം തന്നെ നാല് കിലോ അരി വീതം ലഭ്യമാകുന്നുവെന്ന് ഉറപ്പ് വരുത്തേണ്ടതാണ്. വിദ്യാഭ്യാസ ഉപഡയറക്ടർമാർ ഇത് സംബന്ധിച്ച പ്രവർത്തനങ്ങൾക്ക് ജില്ലാ തലത്തിൽ മേൽനോട്ടം വഹിക്കേണ്ടതും ആവശ്യമായ നിർദേശങ്ങൾ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നൽകേണ്ടതുമാണ്.

അരി വിതരണം ചെയ്തതിന്റെ അക്വിറ്റൻസ് പ്രത്യേകം എഴുതി സൂക്ഷിക്കുവാനും മാർച്ചിലെ സ്റ്റോക്കിൽ നിന്നും ആയത് കൃത്യമായി കുറവ് വരുത്തുവാനും സ്കൂളുകൾക്ക് നിർദ്ദേശം നൽകേണ്ടതാണ്.

അരി വിതരണം പൂർത്തിയാക്കിയതിന് ശേഷം വിതരണത്തിന്റെ വിശദാംശങ്ങൾ ചുവടെ നൽകിയിരിക്കുന്ന സ്റ്റേറ്റ്മെന്റിൽ തയ്യാറാക്കി 02.04.2018 തീയതി 5 മണിയ്ക്കകം സമർപ്പിക്കുവാൻ സ്കൂളുകൾക്ക് ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ നിർദേശം നൽകേണ്ടതും ടി റിപ്പോർട്ടുകൾ ക്രോഡീകരിച്ച് 05.04.2018 ന് മുൻപായി ഈ കാര്യാലയത്തിൽ സമർപ്പിക്കേണ്ടതുമാണ്.

| ക്രമ നം | സ്കൂൾ കോഡ് | സ്കൂളിന്റെ പേര് | ഉച്ചഭക്ഷണ പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള കുട്ടികളുടെ എണ്ണം | ആകെ വിതരണം ചെയ്ത അരിയുടെ അളവ് | വിതരണം പൂർത്തീകരിച്ച ദിവസം |
|---|---|---|---|---|---|
| | | | | | |

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ ഉത്തരവിൻ പ്രകാരം

വിശ്വസ്തതയോടെ,

വി.അനിൽകുമാർ
സീനിയർ അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്
നൂൺമീൽ (ഇൻ ചാർജ്ജ്)